## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 543 29.01.2019-ലെ മറുപടിയ്ക്ക്

## <u>യുവജനങ്ങളുടെ കായിക പരിശീലനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ കായിക പരിശീലനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ കായിക പരിശീലനത്തിനായി കായിക യുവജനകാര്യാലയം മുഖാന്തിരം സിമ്മിംഗ്, ആസ്ത്ര(ASTRA), ജിം എന്നീ കായിക വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ, എന്നിവിടങ്ങളിൽ വിവിധ കായികയിനങ്ങളിൽ വിദഗ്ധ പരിശീലനം നൽകി വരുന്നു.<br>കൂടാതെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**<u>1) ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.<br>**<u>2) എലൈറ്റ് സ്കീം</u>**<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലും ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. ഈ സെന്ററുകളിലെ കായികതാരങ്ങൾക്ക് പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.<br>സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**<u>3) ഓപ്പറേഷൻ ഒളിമ്പ്യ</u>**<br>2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ , കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ് ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടിയ വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ |

| | | | |
|---|---|---|---|
| | | | എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും, റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. കൂടാതെ ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ അന്തർദേശീയ പരിശീലനം നൽകുന്ന ഒരു പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.<br>കൂടാതെ സംസ്ഥാനത്തുടനീളം മികച്ച പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും പുതിയതായി കായിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചും പദ്ധതികൾ പൂർത്തിയാക്കി വരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>I) നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>**<br>1) കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം<br>2) കോഴിക്കോട് വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം<br>3) തൃശ്ശൂർ ജവഹർ സ്ക്വയർ ഇൻഡോർ സ്റ്റേഡിയം<br>4) വോളീബോൾ അക്കാഡമി, ഇടുക്കി<br>5) കക്കാട് സ്വിമ്മിംഗ് പൂൾ, കണ്ണൂർ<br>6) പൂഞ്ഞാർ ജി.വി.രാജ സ്പോർട്സ് കോംപ്ലക്സ്,<br>7) കോട്ടയം ഇൻഡോർ സ്റ്റേഡിയം<br>8) ആലപ്പുഴ രാജ കേശവദാസ് സ്വിമ്മിംഗ് പൂൾ<br>9) ആലപ്പുഴ റോവിംഗ് ബോട്ട് ഹൗസ്<br>10) ഹോക്കി സ്റ്റേഡിയം, കൊല്ലം<br>11) കൊല്ലം പത്തനാപുരം വോളീബോൾ കോർട്ട്<br>12) തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം<br>13) തിരുവനന്തപുരം കുമാരപുരം ടെന്നീസ് കോംപ്ലക്സ്<br>14) തിരുവനന്തപുരം മൈലം ജി.വി.രാജ സ്പോർട്സ് സ്കൂൾ<br>15) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം |

| | | | |
|---|---|---|---|
| | | | 16) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്<br>17) പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ<br>18) ശംഖുമുഖം ജി.വി.രാജ ഇൻഡോർ സ്റ്റേഡിയം<br>19) തിരുവനന്തപുരം നന്ദിയോട് സ്വിമ്മിംഗ് പൂൾ<br>20) തിരുവനന്തപുരം പി.ടി.ഉഷ ട്രെയിനിംഗ് സെന്റർ ഹോസ്റ്റൽ<br>21) കാസർഗോഡ് സ്പോർട്സ് ഹോസ്റ്റൽ<br>22) കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ<br>23) കണ്ണൂർ ജി.വി.എച്ച്.എസ്.എസ് കായികാടിസ്ഥാന സൗകര്യവികസനം<br>24) വയനാട് ആർച്ചറി അക്കാഡമി<br>25) കോഴിക്കോട് നടക്കാവ് നീന്തൽ കുളം<br>26) മഞ്ചേരി ജില്ലാ സ്പോർട്സ് കോംപ്ലക്സ്<br>27) തൃശ്ശൂർ അക്വാറ്റിക്ക്സ് കോംപ്ലക്സ്<br>28) കുന്നംകുളം ജി.എച്ച്.എസ്.എസ് സ്റ്റേഡിയം<br>29) വേലൂർ ആർ.എസ്.ആർ.വി എച്ച്.എസ്.എസ് ഗ്രൗണ്ട്, കുന്നംകുളം<br>30) തൃശ്ശൂർ കൈപ്പറമ്പ് മൾട്ടിപർപ്പസ് സ്റ്റേഡിയം<br>31) വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം.<br>32) ചെങ്ങന്നൂർ പുലിയൂർ പഞ്ചായത്ത് ഗ്രൗണ്ട്.<br>33) ജി.എച്ച്.എസ്.എസ് ഗ്രൗണ്ട്, തിരുവണ്ടൂർ, ചെങ്ങന്നൂർ<br>34) ആലപ്പുഴ സെന്റ് ജോസഫ് എച്ച്.എസ്.എസ് ബാസ്കറ്റ്ബോൾ കോർട്ട്<br>35) കൊല്ലം എൽ.ബി.എസ് സ്റ്റേഡിയം ഹോസ്റ്റൽ<br>36) കൊട്ടാരക്കര ജി.എച്ച്.എസ്.എസ് ഗ്രൗണ്ട്.<br>37) തിരുവനന്തപുരം വെള്ളയമ്പലം നീന്തൽകുളം<br>**II) പുതിയതായി നിർമ്മിച്ച അടിസ്ഥാന** |

| | | | |
|---|---|---|---|
| | | | **സൗകര്യങ്ങൾ**<br>1) കണ്ണൂർ പിണറായി ഗ്രാമ പഞ്ചായത്ത് നീന്തൽ കുളം<br>2) കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നീന്തൽകുളം<br>3) കണ്ണൂർ പിലാത്തറ ഇൻഡോർ സ്റ്റേഡിയം.<br>4) കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ഡി.ജി സെറ്റ് സ്ഥാപിക്കൽ<br>5) പാലക്കാട് കണ്ണമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം<br>6) പാലക്കാട് കോട്ടായി എച്ച്.എസ്.എസ് സ്റ്റേഡിയം. |
| (ബി) | വലുതും ചെറുതുമായ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) | കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 57 സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലെ കായിക മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ അന്തർദേശീയ മത്സരങ്ങൾക്ക് കേരള വേദിയാവുകയും ചെയ്യുന്നതാണ്.<br>35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തികൾ നടന്നുവരുന്നു.<br>കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുഡ്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ